# കേരള സർവകലാശാല

നം. പി.ആർ.076/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്‌സി പരീക്ഷ

ഏപ്രിൽ 12ന് തുടങ്ങുന്ന അവസാന വർഷ ബി.എസ്‌സി മാത്തമാറ്റിക്സ് മെയിൻ (ആന്വൽ സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജും കൊല്ലം എസ്.എൻ കോളേജും പരീക്ഷാകേന്ദ്രങ്ങളായിരിക്കും.

## ബി.ഫാം ഫലം

2017 നവംബറിൽ നടത്തിയ ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഏപ്രിൽ 25 വരെ അപേക്ഷിക്കാം.

## ബി.ടെക് പരീക്ഷ

മേയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 12, ഏഴാം സെമസ്റ്റർ (2008 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ ഏപ്രിൽ 16 വരെയും ഓൺലൈനായി അപേക്ഷിക്കാം. 2007 അഡ്മിഷൻ ട്രാൻസിറ്ററി വിദ്യാർത്ഥികളും മേഴ്സിചാൻസിൽ പ്രസ്തുത പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥികളും സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ട്യൂഷൻ ഫീസ്

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന യു.ജി/പി.ജി കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ട അവസാന തീയതി (പിഴകൂടാതെ ഏപ്രിൽ 10, 50 രൂപ പിഴയോടെ ഏപ്രിൽ 21) നീട്ടിയിരിക്കുന്നു.

## എം.എ, എം.എസ്‌സി ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഫിലോസഫി, എം.എസ്‌സി സുവോളജി, ഹോംസയൻസ്, എൻവയോൺമെന്റൽ സയൻസ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
05.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**